പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി (വിഭാഗം)
ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ
തിരുവനന്തപുരം- 695001
ഫോൺ:- 0471-23253223
e-mail: dirvhsedge@kerala.gov.in

ഇ7/3600/2021 08/03/2022

## പരിപത്രം

വിഷയം:-പൊതുവിദ്യാഭ്യാസം-വി.എച്ച്.എസ്.ഇ-ജീവനക്കാര്യം-പൊതുസ്ഥലംമാറ്റം 2021-22-ഓൺലൈൻ അപേക്ഷയ്ക്കുള്ള തീയതി ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 15/02/2022 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

1. പൊതുസ്ഥലംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 14/03/2022 ഉച്ചയ്ക്ക് 12 മണിവരെ ദീർഘിപ്പിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷകൾ പരിശോധിച്ച് 14/03/2022 വൈകുന്നേരം 5 മണിക്കകം പ്രിൻസിപ്പാൾമാർ ഫോർവേഡ് ചെയ്യേണ്ടതാണ്.

2. ഓൺലൈൻ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പ്രത്യേക മുൻഗണനയ്ക്ക് അർഹമായ അപേക്ഷകൾ മുൻഗണന തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 14/03/2022 വൈകുന്നേരം 5 മണിക്കകം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. പ്രിൻസിപ്പാൾമാരുടെ പ്രത്യേക മുൻഗണനയ്ക്ക് അർഹമായ അപേക്ഷകൾ മുൻഗണന തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 14/03/2022 വൈകുന്നേരം 5 മണിക്കകം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്

3. അനുകമ്പാർഹ സ്ഥലംമാറ്റത്തിനായുള്ള പ്രിൻസിപ്പാൾമാരുടെ അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തരം മാത്രം ലഭ്യമാക്കേണ്ടതാണ്.

4. അദ്ധ്യാപകരും, ജീവനക്കാരും ബന്ധപ്പെട്ട കോഴ്സുകൾ ഉള്ള സ്കൂളുകളിലേക്ക് മാത്രം ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അഗ്രികൾച്ചർ (F&V,PP,NMOG), ഫിഷറീസ് (FPT,FA,FCGT),

(CS/CA),(MRA/MR2W3W),(BA/GI),LSM(DH/PH) എന്നീ കോഴ്സുകളിലേക്കുള്ള പൊതുസ്ഥലംമാറ്റം അതത് ഗ്രൂപ്പുകളിൽ നടത്തുന്നതിനാൽ വൊക്കേഷണൽ അദ്ധ്യാപകർക്കും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കും ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കും ഈ ഗ്രൂപ്പിലെ കോഴ്സുകളിലേക്ക് ഓപ്ഷനുകൾ നൽകാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(കരിക്കുലം)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി
2. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പരിപത്രം എല്ലാ പ്രിൻസിപ്പാൾമാർക്കും ലഭ്യമാക്കുന്നതിലേക്കായി.)
3. എല്ലാ ഗവൺമെന്റ് വി.എച്ച്.എസ് സ്കൂൾ പ്രിൻസിപ്പാൾമാർക്കും.
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി